# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.657 10.07.2014-ൽ മറുപടിക്ക്

## ജലഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.പി.വിൻ സന്റ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധന വിപുലമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ. ഉണ്ട്. കേരള വാട്ടർ അതോറിറ്റി, കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം (MDWS) അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനായുള്ള മാർഗ്ഗ രേഖപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി(NRDWP) യുടെ ധനസഹായത്തോടെ പുതിയതായി 19 ക്വാളിറ്റി കൺ ട്രോൾ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 15 ലാബുകൾ 2014 ഫെബ്രുവരി16 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജനസംഖ്യയിൽ 200 പേർക്ക് ഒരു കുടിവെള്ള സാമ്പിൾ എന്ന കണക്കിൽ ഗുണനിലവാര പരിശോധന നടത്തുന്നതിന് വേണ്ടി 31 പുതിയ ക്വാളിറ്റി കൺ ട്രോൾ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ നിർ ദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |

ഭൂജലവകുപ്പ് ജലഗുണനിലവാര പരിശോധന വിപുലമാക്കുന്നതിന്റെ ഭാഗമായി ലോകബാങ്കിന്റെ സഹായത്തോടെ ഹൈഡ്രോളജി പ്രോജക്റ്റ് (എച്ച്.പി.III) മൂന്നാം ഘട്ടം നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ; വിശദമാക്കുമോ; | ബി | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും കുടിവെള്ള സ്രോതസ്സുകളിൽ CPHEEO (Central Public Health Engineering & Environmental Organization) മാനദണ്ഡങ്ങൾ പ്രകാരം ജലത്തിൽ അനുവദനീയമായ അളവിൽ കൂടുതൽ എന്തെങ്കിലും ജൈവ, രാസ, ഭൗതിക വസ്തുക്കൾ അടങ്ങിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>ജലഗുണനിലവാര പരിശോധനയ്ക്കായി ഭൂജലവകുപ്പിന്റെ കീഴിൽ മൂന്ന് ലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം നവീകരണം, വിപുലീകരണം, പുഷ്ടിപ്പെടുത്തൽ എന്നിവ വഴി സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധന വിപുലമാക്കുക എന്നതാണ് ഭൂജലവകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നത്. ലോകബാങ്കിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെയാണ് ഭൂജല വകുപ്പ് ജലഗുണനിലവാര പരിശോധന നടത്തുന്നത്. |
| ഡി | എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്; | ഡി | കേരള വാട്ടർ അതോറിറ്റിയിൽ ജലത്തിന്റെ ഗുണനിലവാര പരിശോധനാ ലാബുകൾക്കു വേണ്ടിയുള്ള ഉപകരണങ്ങളും, കെമിക്കൽസും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനു വേണ്ടി ഒരു ലാബിന് 6.24 ലക്ഷം രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നുണ്ട്. ഇതിന് പുറമേ ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി വരുന്ന ധനസഹായം സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കുകയാണ് ചെയ്യുന്നത്.<br>ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, ജീവനക്കാരെ ലഭ്യമാക്കുക, ലാബുകളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരണം ചെയ്യുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക തുടങ്ങിയ സഹായങ്ങളാണ് ഭൂജല വകുപ്പിന് ലോകബാങ്ക് സഹായത്തോടെ ലഭിക്കുന്നത്. |
| ഇ | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഇ | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 16 സബ് ഡിവിഷണൽ ലാബുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. പുതിയതായി 19 ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 15 ലാബുകൾ 2014 ഫെബ്രുവരി 16 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ 31 പുതിയ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള |

പ്രൊപ്പോസൽ എസ്.എൽ.എസ്. എസ്.സി. യുടെ പരിഗണനയിലാണ്. സംസ്ഥാന തലത്തിൽ കൊച്ചിയിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓരോ റീജിയന്റെ കീഴിലും ഒരു ക്വാളിറ്റി കൺ ട്രോൾ ഡിവിഷൻ വീതം ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമാണ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്നത്. മേൽ പ്പറഞ്ഞ ഓരോ ഡിവിഷന്റെ കീഴിലും 2 സബ് ഡിവിഷൻ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ